# Sample Question for
# Second Summative Assessment
# March - 2011
# MALAYALAM

Class : IX
Code : 012

Set - II
Marks : 80
Time 3 hrs.

## Section - A (എ വിഭാഗം)

(Marks : 10)

I. താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

മാനവസമുദായമെന്ന ലക്ഷ്യത്തിലേക്കുള്ള യാത്ര തുടങ്ങുന്നതു പ്രാഥമിക വിദ്യാലയങ്ങളിൽ നിന്നാണ്. ഇതിലേക്ക് നമ്മുടെ വിദ്യാഭ്യാസ ചിന്താഗതിയിൽ സമൂലമായ ഒരു പരിവർത്തനം വരുത്തേണ്ടതുണ്ട്. മുതിർന്ന തലമുറയുടെ മനോഭാവത്തിന് കേവലം ഉപദേശം കൊണ്ട് മാറ്റം വരുത്തുക സാദ്ധ്യമല്ല. ജാതിമതാദിയുടെ കരുവിൽ വാർത്തെടുക്കപ്പെട്ടതാണ് ആ മനോഭാവം അതുകൊണ്ട് ഭാവി തലമുറയിലെ ആശയ്ക്കു വഴിയുള്ളു. ഇതിന് വഴിയൊരുക്കുന്ന പ്രധാന രംഗമാണ് വിദ്യാലയം. പ്രൈമറി സ്കൂൾ മുതൽ സർവ്വകലാശാലവരെ പ്രസ്തുത ലക്ഷ്യത്തെ പുരസ്കരിച്ചുള്ള പഠന സമ്പ്രദായം നടപ്പിലാക്കണം. സമുദായം ഒന്നേയുള്ളു. അതു മനുഷ്യസമുദായമാണെന്നും ലോകമാകുന്ന കുടുംബത്തിലെ അംഗങ്ങളാണ് തങ്ങളെന്നുമുള്ള ഭാവന കുട്ടികളിൽ ബാല്യം മുതൽക്കേ വളർന്നുവരത്തക്കമുള്ള രവീന്ദ്രനാഥ് ടാഗോറാണ് ഇക്കാര്യത്തിൽ നമ്മുടെ മാർഗ്ഗ ദർശി. അദ്ദേഹം അനുകരണീയനായ ഒരു വിദ്യാഭ്യാസ വിദഗ്ധൻ കൂടിയായിരുന്നു. ആദീർഘ ദർശി സ്ഥാപിച്ച വിശ്വഭാരതിയിൽ ഏകലോകാ ദർശാധിഷ്ഠിതമായ സാർവദേശീയ തത്വത്തിനാണ് സർവോപരി പ്രാധാന്യം കല്പിച്ചിരിക്കുന്നത്. "യത്രവിശ്വം ഭവത്യേകനീഡം" പക്ഷിക്കൂടുപോലെ ലോകം ഒരു കുടുംബമായി ഭവിക്കുന്നു എന്ന് ആ കലാശാലയുടെ കവാടത്തിൽ അദ്ദേഹം എഴുതി വച്ചിട്ടുണ്ട്. ജാതിമത രാഷ്ട്ര ഭേദങ്ങൾക്കു വ്യക്തിപരമായ വസ്ത്രധാരണത്തിനുള്ള സ്ഥാനമേ അവിടെ കല്പിക്കുന്നുള്ളു. അവയൊന്നും മനുഷ്യസഹോദര്യത്തിനു ക്ഷതികരമായിത്തീരുന്നില്ല.

ചോദ്യങ്ങൾ

1. വിദ്യാഭ്യാസ ചിന്താഗതിയിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യമെന്ത് ? (2)
2. കുട്ടികളിൽ ബാല്യം മുതൽക്കേ വളർത്തിയെടുക്കേണ്ട ചിന്താഗതി എന്ത് ? (2)
3. വിശ്വഭാരതിയുടെ പ്രവേശനകവാടത്തിൽ എന്താണ് എഴുതിവച്ചിട്ടുള്ളത് ? അതിന്റെ ആശയമെന്ത് ? (2)
4. ഏത് വിഷയത്തിലാണ് ടാഗോർ നമുക്ക് മാർഗ്ഗദർശിയാകുന്നത് ? (2)
5. വിശ്വഭാരതിയിൽ ഏറ്റവും കൂടുതൽ പ്രാധാന്യം കല്പിച്ചിട്ടുള്ളത് ഏതു വിഷയത്തിനാണ് ? (2)

## Section - B (ബി വിഭാഗം)

(Marks : 15)

II.

(a) നിങ്ങളുടെ വിദ്യാലയത്തിൽ പുതുതായി രൂപീകരിക്കുന്ന നാടക സമിതി ഉദ്ഘാടനം ചെയ്യണമെന്നപേക്ഷിച്ചുകൊണ്ട് ഒരു പ്രസിദ്ധ സാഹിത്യകാരന് ഒരു കത്തു തയ്യാറാക്കു. (5)

(b) ആശയം വിപുലീകരിച്ച് ഒരു ഖണ്ഡിക എഴുതുക. (ഉത്തരം 50 വാക്കിൽ കവിയരുത്) (3)

'സ്നേഹിക്കയുണ്ണീ നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും'

അല്ലെങ്കിൽ

ചൊട്ടയിലെ ശീലം ചുടലവരെ

(c) ഏതെങ്കിലും ഒരു ശൈലി സ്വന്തം വാക്യത്തിൽ എഴുതുക. (1)

1. അജഗജാന്തരം
2. മുഖത്തുകരിതേയ്ക്കുക

(d) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് (150 വാക്കിൽ കവിയാതെ) ഉപന്യസിക്കുക. (6)

1. ദൃശ്യമാദ്ധ്യമങ്ങളുടെ സ്വാധീനം വിദ്യാർത്ഥികളിൽ
2. കുടിവെള്ള ക്ഷാമം
3. കായിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത

## Section - C (സി വിഭാഗം) (Marks : 15)

III.

(a) ബ്രാക്കറ്റിലെ നിർദ്ദേശങ്ങളനുസരിച്ച് വാക്യപരിവർത്തനം വരുത്തുക

1. അച്ഛൻ പോയി പതിനാറു കൊല്ലം കഴിഞ്ഞിട്ടും തിമ്മപ്പൻ ഇന്നും ആ പ്രശാന്തഗംഭീര മുഖം ഓർക്കുന്നത് അതിശയം തന്നെ (ചൂർണ്ണികകളാക്കുക) (2)

(b) 1. വേലായുധനെ കന്നാലിപ്പിള്ളേർ കല്ലെറിഞ്ഞു.

2. കോടിയുടുത്ത വധുവെ കല്യാണപ്പന്തലിലേക്ക് മുതിർന്ന ഒരു സ്ത്രീ ആനയിച്ചു. (പ്രയോഗം മാറ്റുക) (2)

(c) അന്വാഖ്യാന രൂപത്തിലാക്കുക (2)

ഗോപാലൻ നായർ : അച്ഛാ, അമ്മുക്കുട്ടീടെ പൊടമുറിയാണ് ; നാളെ

മുത്തച്ഛൻ : അവൾ ചെറ്യേ കുട്ട്യല്ലേ ഗോപാലാ ; എന്തിനാ ഇപ്പഴേ ഒരു പൊടമുറി ? നെനക്കും തൊടങ്ങ്യോ ഭ്രാന്ത് ?

(d) തെറ്റുണ്ടെങ്കിൽ തിരുത്തുക (2 × 2 = 4)

1. ആ ഉത്സവപ്പറമ്പിൽ കുട്ടികൾ മുതൽ മുതിർന്നവർ വരെ ആബാലവൃദ്ധം ജനങ്ങളും തിങ്ങിക്കൂടി
2. പരമാവധി ആയിരം രൂപവരെ വാടക കിട്ടാവുന്ന വീടാണിത്.

(e) 1. മുടി എന്ന പദത്തിന് യോജിക്കാത്ത അർത്ഥം ഏത് ? (1)
(ആന, കിരീടം, കൂന്തൽ, ശൃംഗം)

2. അളി – ആളി എന്നീ പദങ്ങളുടെ അർത്ഥം എടുത്തെഴുതുക. (1)
(തോഴി, വണ്ട്, കളി, വേളി)

3. അന്യായക്കാരൻ എന്ന പദത്തിന് പാഠസന്ദർഭത്തിൽ കിട്ടുന്ന അർത്ഥമേത് ? (1)
(ന്യായക്കോടു പ്രവർത്തിക്കുന്നവൻ, ന്യായപൂർവ്വം പ്രവർത്തിക്കുന്നവൻ, കുറ്റവാളി, പരാതിക്കാരൻ)

4. മാനി എന്നതിന്റെ എതിർലിംഗ പദം ഏത് ? (1)
(മാന്യൻ, മാനൻ, മാന, മാനിനി)

5. മുക്കണ്ണൻ എന്ന പദത്തിന്റെ സമാനാർത്ഥം വരുന്ന പദങ്ങൾ ഏവ ? (1)
(ശംഭു, മഹേശൻ, ഹരി, കപി)

## Section D (ഡി വിഭാഗം) (Marks : 40)

IV.

(a) മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക (4 × 3 = 12)

1. വേലായുധൻ ചങ്ങലപൊട്ടിച്ച് രക്ഷപ്പെടാൻ തീരുമാനിച്ചത് എന്തിന് ?

2. കാത്തിരിപ്പിനെ മഹാകവി പി.ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ ?
3. സഞ്ജയൻ ഇഞ്ചെക്ഷനെടുക്കുവാൻ വേണ്ടി വീട്ടിലുള്ളവർ എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തിയത് ?

(b) മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക (4 × 3 = 12)

1. നാറാണത്തു ഭ്രാന്തൻ എന്ന കവിതയിലുടെ കവി ചൂണ്ടിക്കാണിക്കുന്ന സാമൂഹിക പ്രശ്നമെന്ത് ?
2. ധൂർത്തുകൾ നാമ്മൊടു കൂടുകയില്ലെന്നോർത്തു മഹേന്ദ്രനടങ്ങിപ്പാർത്തു – എന്ന് രാവണൻ തെളിയിക്കുന്നതെങ്ങനെ ?
3. ആരൊക്കെയാണ് രാവണന് കപ്പം കൊടുക്കന്നത് ? – ഈ പരാമർശത്തിലൂടെ രാവണനെന്താണ് സൂചിപ്പിക്കുന്നത് ?
4. രണ്ടു കുട്ടികൾ എന്ന കവിതയുടെ സന്ദേശമെന്ത് ?

(c) ശരിയുത്തരം ബ്രാക്കറ്റിൽ നിന്ന് എടുത്തെഴുതുക. (6 × 1 = 6)

1. സഞ്ജയൻ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയ കൃതി
   (ശാകുന്തളം, ഒഥല്ലോ, ഉത്തരരാമചരിതം, ഇലിയഡ്)
2. 'അന്നമുണ്ട് കുളമോ' – ഏതു കൃതിയിലേതാണ് പ്രസ്തുത വരികൾ
   (ഉമാ കേരളം, ചിത്രയോഗം, സാഹിത്യനിക്ഷം, കവിതാധ്വനി)
3. കവി ചരമാർക്കനായി കല്പിച്ചിട്ടുള്ളതാരേയാണ്
   (നിലാവ്, അച്ഛൻ, അമ്മ, ഗന്ധർവ്വകന്യക)
4. വേലായുധൻ ചങ്ങലപൊട്ടിച്ചു രക്ഷപ്പെടണമെന്ന് വിചാരിച്ചത്
   (അച്യുതൻ നായരുടെ ശിക്ഷകൾ സഹിക്കാനാവാത്തത്, എവിടേക്കെങ്കിലും രക്ഷപ്പെടുവാൻ, അമ്മുക്കുട്ടിയെ അവൾക്കിഷ്ടപ്പെടാത്ത വിവാഹത്തിൽ നിന്ന് രക്ഷിക്കുവാൻ, താശ്ശമ്മാന്റെ കന്മഴു കണ്ടെത്തുവാൻ)
5. അമ്മ തൻവിരി കണ്ണുകളായി കല്പിച്ചിട്ടുള്ളത്
   (ഭൂമിയെ, കരാംഗുലികളെ, വാതത്തെ, വന്യമൃഗങ്ങളുടെ കണ്ണുകളെ)
6. ജംഭാന്തകൻ ആര് ?
   (സൂര്യൻ, അർജ്ജുനൻ, രാവണൻ, ഇന്ദ്രൻ)

(d) താഴെകൊടുത്തിരിക്കുന്ന ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നര പുറത്തിൽ കവിയാതെ (150 വാക്ക്) ഉത്തരമെഴുതുക. (2 × 5 = 10)

1. വാഡീമിന്റെ നേതൃത്വത്തിൽ മോസ്ക്കോ നഗരത്തിലെ നാടകവേദിയിൽ രാഷ്ട്രീയ നാടകം കാണുവാൻ പോയ ലേഖകനുണ്ടായ അനഭവം അദ്ദേഹത്തിന്റെ കമ്യൂണിസ്റ്റ് ചിന്താഗതികൾക്ക് കനത്ത ആഘാതമേല്പിച്ചതെങ്ങനെ ?
2. ലേഖകന് മൊൺപാ ഗേത്രവർഗ്ഗ സംസ്കാരത്തോടു തോന്നിയ ആദരവ് തന്റെ ചുമരിലെ നീലബുദ്ധൻ സദാ തന്നെ ഓർമ്മപ്പെടുത്തുന്നു എന്ന് അദ്ദേഹം വിവരിക്കുന്നതെങ്ങനെ ?
3. ലീഹ്സ്റ്റൻസ്റ്റീനിൽ രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം വളർന്നുവന്ന വ്യവസായ സംരംഭങ്ങളെക്കുറിച്ചു വിവരിക്കുക.
4. നടാഷയും ഹോട്ടലിലെ ഫ്ളോർ ലേഡിയും തമ്മിലുണ്ടായ തർക്കമെന്തായിരുന്നു ? ആ പ്രശ്നം പരിഹരിക്കപ്പെട്ടതെങ്ങനെ ?